# പതിനാലാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1084 04.02.2019 – ൽ മറുപടിക്ക്**

## തീരദേശ ഹൈവേയുടെ ഡി.പി.ആർ

| ചോദ്യം | | മറുപടി | |
|---|---|---|---|
| | **ശ്രീ.കെ.വി.വിജയദാസ് :** | | **ശ്രീ. ജി. സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |
| (എ) | തീരദേശ ഹൈവേയുടെ ഡി.പി.ആർ തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ എന്നുമുതൽ പ്രവൃത്തി ആരംഭിക്കുവാനാണ് ഉദ്ദേശിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ; | (എ) | 2017-18 ബഡ്ജറ്റ് പ്രകാരം 6500 കോടി രൂപ മതിപ്പ ചെലവിൽ തീരദേശ ഹൈവേയുടെ നിർമ്മാണത്തിനായി G.O (Rt) No. 942/2017/PWD dated 10/07/2017 പ്രകാരം തത്വത്തിൽ ഭരണാനുമതി നൽകിയിട്ടുണ്ട്. തീരദേശ ഹൈവേക്ക് 653.40 കി.മീ നീളം വരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്.<br>ഇതുവരെയായി 211.880 കി.മീ നീളം വരുന്ന 11 ഉപപദ്ധതികളുടെ ഡിപിആർ കിഫ്ബിയുടെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. കിഫ്ബി മാനദണ്ഡപ്രകാരം ഓരോ റോഡിനും ഏറ്റെടുക്കേണ്ട ഭൂമിയുടെ വില കൂടി ഉൾപ്പെടുത്തി പുതുക്കിയ ഡിപിആർ സമർപ്പിക്കുന്നതാണ്. കിഫ്ബി മാനദണ്ഡങ്ങൾ പ്രകാരമുള്ള വീതി ലഭ്യമായ മലപ്പുറം ജില്ലയിൽ പടിഞ്ഞാറേക്കര മുതൽ ഉണ്ണിയാൽ വരെ 15 കി.മീ നീളം വരുന്ന തീരദേശഹൈവേയുടെ ഒരു പ്രവൃത്തിക്ക് കിഫ്ബിയിൽ നിന്ന് അംഗീകാരം ലഭിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത ഡിപിആർ-ന്റെ തുക ഉൾപ്പെടെയുള്ള വിശദവിവരങ്ങൾ നൽകുമോ? | (ബി) | മലപ്പുറം ജില്ലയിൽ പടിഞ്ഞാറേക്കര മുതൽ ഉണ്ണിയാൽ വരെയുള്ള പ്രസ്തുത പ്രവൃത്തിക്ക് കിഫ്ബിയിൽ നിന്ന് |

52.78 കോടി രൂപയുടെ അംഗീകാരമാണ് ലഭിച്ചിട്ടുള്ളത്. ഈ പ്രവൃത്തിക്ക് സാങ്കേതികാനുമതി നൽകി ടെണ്ടർ ചെയ്യുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

**സെക്ഷൻ ഓഫീസർ**